കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17സാമ്പത്തിക വർഷം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

E-mail:- dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.12-1540/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്
തീയതി-06-10-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് - 2016 – 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -

സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.12-1540/2017 തീയ്യതി-06-10-2017

## പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31-10-2016 മുതൽ 30-06-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുനിൽ ദാസ്<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-7-2017മുതൽ 24-7-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എൻ. സുമേഷ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബിജു ആന്റെണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. എം.എസ്. | ഓഡിറ്റർ |

| | | |
|---|---|---|
| | താരിഖ് | |
| | ശ്രീ. മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സി.എൻ. ഷാജു ശങ്കർ | 1-4-2016മുതൽ 31-3-2017വരെ |
| സെക്രട്ടറി | ശ്രീ.സി.എൻ. സത്യൻ | 1-4-2016മുതൽ 31-3-2017വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനിയർ | ശ്രീ. കെ.ബാലകൃഷ്ണൻ | 1-4-2016 മുതൽ 31-3-2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ. മുഹമ്മദ് ഷെരീഫ് | 1-4-2016 മുതൽ 31-3-2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മോഹനൻ | 1-4-2016 മുതൽ 31-3-2017 വരെ |
| വെറ്റിനറി സർജൻ | ഡോ. സി.മുഹമ്മദ് ഹനീഫ | 1-4-2016 മുതൽ 31-3-2017 വരെ |
| അസി. സെക്രട്ടറി | ശ്രീ. രാധാകൃഷ്ണൻ . കെ. | 1-4-2016 മുതൽ 31-3-2017വരെ |
| കൃഷി ഓഫീസർ | ശ്രീ.അനൂപ് വിജയൻ | 1-4-2016 മുതൽ 31-3-2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. ഹയറുന്നീസ | 1-4-2016 മുതൽ 31-3-2017 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീമതി. മല്ലിക | 1-4-2016 മുതൽ 31-3-2017വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഡോ. സന്തോഷ് രാജ് | 1-4-2016 മുതൽ 1-7-2016 വരെ |
| | ശ്രീ. അനീഷ് നാരായണൻ | 2-7-2016 മുതൽ 31-3-2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

| വർഷം | അംഗീകരിച്ച തീയ്യതി | തീരുമാനം നം. |
|---|---|---|
| 2016-17 | 3-3-2016 | 1 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 29-6-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.-

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8815568 |
| വരവ് | 54143383 |
| ആകെ | 62958951 |
| ചെലവ് | 55023137 |
| നീക്കിയിരിപ്പ് | 7935814 |

# 1-5 ഫണ്ട് വിനിയോഗം- 2016-17

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8482532 | 8482532 | 8482532 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6174764 | 6174764 | 6174764 | 0 |
| വികസനഫണ്ട് ടി.എസ്.പി | 0 | 36978 | 36978 | 36978 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12790236 | 12790236 | 12790236 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1448722 | 1448722 | 1448722 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4542741 | 4542741 | 4542741 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1683366 | 1683366 | 1683366 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1928 | 576178+ 13229625 | 13807731 | 494293+ 13229625* | 83813 |

| | | | | | |
|---|---|---|---|---|---|
| ബി.ഫണ്ട് | 0 | 863160 | 863160 | 863160 | 0 |

MGNREGS-ന്റെ വരവ് ചെലവുകണക്കുകൾ MGNREGS ക്യാഷ്ബുക്ക്, MGNREGS സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഇത് AFS-ലെ Income & Expenditure സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. ആയത് ഓഡിറ്റ് സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 183 | 52451108 | 144 | 38171403 | 39 | 73 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 740349 | 3767980 | 3027631 | 408 |
| നികുതിയേതര വരവുകൾ | 583846 | 736205 | 152359 | 27 |
| മറ്റ് വരവുകൾ | 3288320 | 377463 | 2910857 | (-88.5) |
| ആകെ | 4612515 | 4881648 | 269133 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 143160 | 81 |
| വിവാഹധനസഹായം | 690000 | 24 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-07-2017-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2586/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

മരാമത്തുമായി ബന്ധപ്പെട്ട് റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-7-17 മുതൽ 14-7-17 വരെ | 1-6-2017 മുതൽ 31-6-2017 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-8-2003 മുതൽ 30-8-2003 വരെ | 1997-98 മുതൽ 2002-03 വരെ | 7-11-2003 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ കെട്ടിട നിർമ്മാണ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ 93 കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്ത് നൽകുകയും

കെട്ടിട നികുതി ഈടാക്കി കെട്ടിടനമ്പർ നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമ പഞ്ചായത്തിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിന് ഫീൽഡ് പരിശോധന നടത്തുകയോ, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരമുള്ള ഫോറം 10 അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.അനധികൃത കെട്ടിട നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയാതെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗിനു വേണ്ടി ഗ്രാമ പഞ്ചായത്തിനെ സമീപിക്കുന്ന സമയത്ത് റെഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവത്ക്കരണം നടത്തുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് അവലംബിച്ചുവരുന്നത്.

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്തിലെ ജോലി ബാഹുല്യം കാരണവും നിലവിലെ ജീവനക്കാരുടെ എണ്ണത്തിലെ അപര്യാപ്തത മൂലവുമാണ് ഫീൽഡിൽ പോകുന്നതിനും അനധികൃത കെട്ടിടങ്ങളുടെ വിവരശേഖരണത്തിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും മറ്റും തടസ്സം നേരിട്ടതെന്നും, ഭാവിയിൽ വിഷയത്തിൽ കൂടുതൽ ശ്രദ്ധ നൽകുന്നതാണെന്നുമാണ് പഞ്ചായത്ത് മറുപടി നൽകിയിട്ടുള്ളത്.

അനധികൃത കെട്ടിട നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിനും ഇത് സംബന്ധിച്ച ചട്ടങ്ങളും നിയമങ്ങളും കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ തുടർവിവരങ്ങൾ അപൂർണ്ണം

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17അനുസരിച്ച് കെട്ടിടത്തിന് നിർമ്മാണാനുമതി 3 വർഷത്തേക്കാണ് സാധുവായിരിക്കുന്നത്. സാധുതാ കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് മൂന്ന് വർഷത്തേയ്ക്ക് രണ്ടു പ്രാവശ്യം കൂടി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2010-11മുതലുള്ള കെട്ടിട പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചപ്പോൾ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ

വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കണ്ടെത്തി. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലയളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നിർമ്മാണാനുമതി നൽകി, നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളിൽ നിന്നും കൃത്യമായി കെട്ടിട നികുതി നിർണ്ണയം നടത്തി നികുതി ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിയാതെ വരുന്നു.

പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിശദാംശങ്ങൾ ഉൾപ്പെടുത്താതെ അപൂർണ്ണമായി സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതും ആവശ്യമായ എല്ലാ രേഖപ്പെടുത്തലും വരുത്തി രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 2-3 പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ച് വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതും അംഗീകാരം ലഭ്യമാക്കി പരസ്യ നികുതി പിരിക്കാവുന്നതുമാണ്. ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങളിൽ നിന്നും പരസ്യനികുതി പിരിച്ചെടുക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ബൈലോ തയ്യാറാക്കുകയും പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പരസ്യ നികുതി ഈടാക്കുന്നതിനുള്ള മറ്റ് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

പരസ്യ നികുതി ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സാധനങ്ങൾ വാങ്ങുന്നതിൽ നിയാമാനുസൃത മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.നഷ്ടം സംഭവിച്ച തുക ഈടാക്കേണ്ടതാണ്.

സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയ്യതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ, 2013-ലെ സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവ പ്രകാരം, പരമാവധി 100000/-രൂ. വരെയുള്ള വാങ്ങലുകൾ നടത്തുമ്പോൾ മാത്രമേ ക്വട്ടേഷൻ പ്രകാരം നടപടികൾ സ്വീകരിക്കുവാൻ പാടുള്ളൂ. ആയതിൻ മുകളിലുള്ള വാങ്ങലുകൾ നടത്തുമ്പോൾ ടെണ്ടർ സമ്പ്രദായം സ്വീകരിക്കേണ്ടതാണ്.

എന്നാൽ താഴെപ്പറയുന്ന പ്രോജക്ടുകളിൽ 100000രൂപയ്ക്ക് മുകളിലുള്ളവയിലും ക്വട്ടേഷൻ മുഖേനയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ നം, പേര് | വാങ്ങിയ സാധനങ്ങൾ | തുക | ക്വട്ടേഷൻ ലഭിച്ച സ്ഥാപനത്തിന്റെ പേര്, ക്വട്ടേഷൻ തുക |
|---|---|---|---|
| SO 162/17- മാലിന്യ സംസ്കരണ യൂണിറ്റ് | ഇൻസിനറേറ്റർ | 157000 | പ്രകൃതി - ആരോമൽ, ആലുവ 157000രൂ. |
| SO 163/17- പ്ലാസ്റ്റിക്ക് റീ സൈക്ലിങ്ങ് യൂണിറ്റ് | പ്ലാസ്റ്റിക്ക് റീ സൈക്ലിങ്ങ് മെഷീൻ | 450000 | പ്രകൃതി - ആരോമൽ, ആലുവ- 450000 |

| | | | |
|---|---|---|---|
| | | | |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/25-7-2017ന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരമാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചത് എന്നും ഭാവിയിൽ ഇത്തരം ന്യൂനതകൾ പരിഹരിച്ച് നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

## 3-2 ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ വളരെ കുറഞ്ഞ തുകകൾക്ക് അറ്റകുറ്റപ്രവൃത്തികൾ നടത്തിയിരിക്കുന്നു. തുക തടസ്സപ്പെടുത്തുന്നു.

സ.ഉ(എം.എസ്.) നമ്പർ 4/16, ത.സ്വ.ഭ.വ. തീ.11.1.16 പ്രകാരം ഗുണഭോക്തൃസമിതികളെ നടത്തിപ്പ് ചുമതല ഏൽപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ 50000/-രൂപയ്ക്ക് മുകളിൽ വരുന്ന അറ്റകുറ്റപ്പണികൾ മാത്രമേ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാവൂ. എന്നാൽ താഴെപ്പറയുന്ന അറ്റകുറ്റപ്പണിയിൽ ഇതിൽ നിന്നും വ്യത്യസ്തമായി നിർവ്വഹണം നടത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ നം., പേര് | പ്രോജക്ട് നം. SO 158/17- പുളിക്കപറമ്പ് കുടിവെള്ള പദ്ധതിയിൽ മോട്ടോർ സ്ഥാപിക്കൽ |
| അടങ്കൽ, ഫണ്ടിനം | 36000, വികസനഫണ്ട്(ജനറൽ) |
| ബിൽ നം, തുക | നം. 55/16-17,തീ. 20-3-2017, 36000രൂ. |
| കോൺട്രാക്ടർ | കെ.കെ.സ്വാമിനാഥൻ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/25-7-2017-ന് ലഭ്യമാക്കിയ മറുപടിയിൽ ഈ പ്രവൃത്തി സംബന്ധിച്ച് മറുപടി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ആകെ ചെലവ് തുക 36000/-രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 കരാറുകാരൻ പ്രവൃത്തിക്ക് ആവശ്യമായ അളവ് ബിറ്റുമിൻ വാങ്ങിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.

താഴെപ്പറയുന്ന പ്രവൃത്തികളിൽ കരാറുകാർ ബിറ്റുമിൻ വാങ്ങിയത് സംബന്ധിച്ച ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ അത്രയും അളവ് ബിറ്റുമിൻ ബില്ലുകൾ പ്രകാരം വാങ്ങിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്റ്റ് നം, പ്രവൃത്തിയുടെ പേര് | SO 46/17- മണ്ണംപറ്റ കുട്ടിലക്കടവ് റോഡ് നവീകരണം | SO 44/17- പാത്തിപ്പാലം റോഡ് നവീകരണം |
| അടങ്കൽ, ഫണ്ടിനം | 300000, മെയിന്റനൻസ് ഫണ്ട് | 400000, മെയിന്റനൻസ് ഫണ്ട് |
| കരാറുകാരൻ | എൻ. അബ്ദുൾ സത്താർ | ഇ. ദാസൻ |
| അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ ബിറ്റുമിന്റെ അളവ് | Bitumin-VG- 30- 2380.08 Kg<br>Emulsion-RSl- 258.39 Kg | Bitumin-VG- 30- 3156.18 Kg<br>Emulsion-RSl- 331.65 Kg |
| കരാറുകാരൻ സമർപ്പിച്ച ബില്ലുകൾ പ്രകാരം വാങ്ങിയ ബിറ്റുമിൻ | Bitumin-VG- 30- 2103.4 Kg<br>Emulsion-RSl- 400 Kg | Bitumin-VG- 30- 2652 Kg<br>Emulsion-RSl- 364 Kg |
| കുറവ് | Bitumin-VG-30- 276.68Kg | Bitumin-VG-30- 504.18Kg |
| ബിൽ നം, തീയ്യതി, തുക | 81/16-17/31-3-2017/ 300000രൂ. | 88/16-17/ 31-3-2017, 400000രൂ. |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/25-7-2017ന് ലഭ്യമാക്കിയ മറുപടിയിൽ, കുറവ് വന്ന ബിറ്റുമിൻ മറ്റൊരു പ്രവൃത്തിയിൽ നിന്നും ട്രാൻസ്ഫർ ചെയ്ത് ഉപയാഗിച്ചിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ പ്രകാരം ഇത്തരം രീതികൾ അനുവദനീയമല്ല. പ്രവൃത്തിയുടെ കരാറുകാരൻ തന്നെ ആവശ്യമായ ബിറ്റുമിൻ വാങ്ങണമെന്നും ആയതിന്റെ ബില്ല് സമർപ്പിക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്.

മേൽസാഹചര്യത്തിൽ ചെലവ് തുക 300000+400000=700000രൂ. തടസ്സത്തിൽവെയ്ക്കുന്നു.

## 3-4 ഇ-ടെണ്ടർ പ്രവൃതതികളുടെ ടെണ്ടർ ഫോറം വില,

## പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.

2016-17 സാമ്പത്തിക വർഷം ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. മേൽ പ്രവൃത്തികളുടെ കാര്യത്തിൽ ടെണ്ടർ ഫോം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്.

| പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോം വില | തുകകൾ നിക്ഷേപിച്ച അക്കൌണ്ട് നം. | ടി തുകകൾ പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തിയിട്ടുണ്ടോ? |
|---|---|---|---|---|
| പുഞ്ചപ്പാടം കാഞ്ഞിരംപാറ റോഡ് | 737319 | 1575 | 67249238637-SBT, Palakkad | ഇല്ല |
| പ്ലാസ്റ്റിക്ക് റീസൈക്ലിങ്ങ് യൂണിറ്റ് | 637718 | 1365 | 67249238637-SBT, Palakkad | ഇല്ല |
| ഷോപ്പിങ്ങ് കോംപ്ലക്സ് റിനോവേഷൻ | 1093725 | 2100 | 67249238637-SBT, Palakkad | ഇല്ല |
| നീലമംഗലം അയ്യൻകോവിൽ റോഡ് റിനോവേഷൻ | 499378 | 1050 | 67249238637-SBT, Palakkad | ഇല്ല |
| തോട്ടര പുഞ്ചപ്പാടം റോഡ് | 998888 | 2100 | 67249238637-SBT, Palakkad | ഇല്ല |
| മണ്ണംപറ്റ അംഗൻവാടി ബിൽഡിംഗ് | 825476 | 1785 | 67249238637-SBT, Palakkad | ഇല്ല |
| വടക്കിരിക്കുന്നു അംഗൻവാടി ബിൽഡിംഗ് | 843202 | 1785 | 67249238637-SBT, Palakkad | ഇല്ല |
| പഞ്ചായത്ത് | 1429832 | 2625 | 67249238637- | ഇല്ല |

| | | | | |
|---|---|---|---|---|
| റിക്കാർഡ് റൂം | | | SBT, Palakkad | |
| ആകെ | | 14385 | | |

മേല്പറഞ്ഞ തുകകൾ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 സാധന സാമഗ്രികളുടെ വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർപർച്ചേസ് മാന്വലിലേയും നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്തിലേയ്ക്കും കൈമാറികിട്ടിയ സ്ഥാപനങ്ങളിലേക്കും ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുള്ളത് പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കാതെയാണ്. ആവശ്യകത വിലയിരുത്താതിരുന്നതുമൂലം ധാരാളം ക്വട്ടേഷനുകളും/ ടെണ്ടറുകളും ക്ഷണിക്കേണ്ടിവന്നു. ഗ്രാമപഞ്ചായത്തിലേക്കും കൈമാറികിട്ടിയ സ്ഥാപനങ്ങൾക്കും ഒരേ ഇനങ്ങൾക്ക് വ്യത്യസ്ത ടെണ്ടറുകൾ ക്ഷണിച്ചതുമൂലം മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടു. എതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | അടങ്കൽ | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 201/17പഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണീച്ചർ | 20000<br>തനത് ഫണ്ട് | 20000 | സെക്രട്ടറി |
| 114/2017 എ.ഇ ഓഫീസിലേക്ക് ഫർണ്ണീച്ചർ | 15000 | 15000 | എ.ഇ |
| 128/2017-ആയുർവേദ ആശുപത്രിക്ക്ഫർണ്ണീച്ചർ | 25000<br>വികസനഫണ്ട് | 25000 | മെഡിക്കൽ ഓഫീസർ |
| 4/2017- ഹോമിയോ ഡിസ്പെൻസറിക്ക് ഫർണ്ണീച്ചർ | 15000<br>മെയ്ന്റനൻസ് ഗ്രാന്റ് (nonroad) | 15000 | സെക്രട്ടറി |
| 183/2017 ബഡ്സ് സ്കൂളിന് ഫർണ്ണീച്ചർ, ടി.വി, | 260000 | 158640 | സെക്രട്ടറി |

| | | | |
|---|---|---|---|
| അനുബന്ധ സൗകര്യങ്ങൾ | വികസനഫണ്ട് + തനത് ഫണ്ട് | | |

രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.

1. 25000/- രൂപ വരെയുള്ള വാങ്ങലുകൾക്ക് സാധാരണ ക്വട്ടേഷനുകളും, 25000 രൂപ മുതൽ 100000 രൂപ വരെയുള്ള വാങ്ങലുകൾക്ക് കൂടുതൽ ക്വട്ടേഷനുകൾ നേരിട്ട് ക്ഷണിച്ചുകൊണ്ടുള്ള ലിമിറ്റഡ് ടെണ്ടറും, 100000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടറുകളുമാണ് ക്ഷണിക്കേണ്ടത്. എന്നാൽ 1 ലക്ഷം രൂപയ്ക്കു താഴെയുള്ള വാങ്ങലുകൾക്ക് ടെണ്ടർ ക്ഷണിക്കേണ്ടതില്ല.

2. ടെണ്ടറുകൾ വിഭജിച്ച് പ്രത്യേകം ക്ഷണിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

വാങ്ങലുകൾ നടത്തുമ്പോൾ സ.ഉ(പി)നം.259/2010/എൽ.എസ്.ജി.ഡി തിയതി 8-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങളും, സ.ഉ(പി) നം.3/2013/SPD തിയതി 21.06.2013 പ്രകാരമുള്ള പുതിയ സ്റ്റോർ പർച്ചേസ് മാനുവലിലെ മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടാവേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ കണക്കുപ്രകാരം 262 പൊതു ടാപ്പുകൾ ഉണ്ട്. ആയതിന് പ്രതിമാസം 114625/- രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കിവരുന്നുണ്ട്. ഇത് പഞ്ചായത്തിന് അമിത ബാധ്യതയാകുമെന്നതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1.ജല അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും വെള്ളക്കരം ക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊജക്ടുകൾ

ഏറ്റെടുക്കേണ്ടതാണ്. ഇക്കാര്യത്തിനായി ജി.ഒ(എം.എസ്)നം.72/2017/തസ്വഭവ തിയതി 29-3-2017, ജി.ഒ (എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.

3. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

4. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

ഈ വിഷയത്തിന്മേലുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 ശ്രീകൃഷ്ണപുരം പഞ്ചായത്തിന് ആരോഗ്യ സുരക്ഷ,സാന്ത്വന മേഖലകളിൽ മികച്ച നേട്ടം

എ)പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ- മാതൃകാപരം

പ്രൊ. നം. 22/17-സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി
അടങ്കൽ - 600000 (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
ചെലവ് - 550000/-

ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യവകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം.3217/2015/ ത.സ്വ.ഭ.വ തിയതി 14-10-2012 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. ഈ പഞ്ചായത്തിൽ 2012 ജൂണിൽ പാലിയേറ്റീവ് സംവിധാനം തുടക്കം കുറിച്ചത്. ആയതിനായി ഗ്രാമപഞ്ചായത്ത് തൻവർഷം 600000/- രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തുകയും 550000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ സന്നദ്ധ

പ്രവർത്തകർ, ജനപ്രതിനിധികൾ, ആശാവർക്കർമാർ, ആരോഗ്യ പ്രവർത്തകർ, കമ്മ്യൂണിറ്റി നേഴ്സ്, വിദ്യാർത്ഥികൾ, കുടുംബശ്രീ എന്നിവരുടെ കൂട്ടായ്മയിൽ നല്ല രീതിയിൽ നടത്തിവരുന്നു. പ്രത്യേകമായി അലോപ്പതി /ആയുർവേദ/ ഹോമിയോ ഡോക്ട്ടർമാരുടെ ഹോ കെയർ സന്ദർശനം നടത്തിവരുന്നുണ്ട്. രോഗികൾക്ക് ആവശ്യമായ മരുന്ന്, വാട്ടർ ബെഡ്, വീൽ ചെയർ, എയർ ബെഡ്, വാക്കർ, ട്രൈപ്പോട് വാക്കിങ്ങ് സ്റ്റിക്ക് എന്നിവ നൽകുന്നുണ്ട്. എല്ലാ ചൊവ്വാഴ്ച്ചകളിൽ പാലിയേറ്റീവ് രോഗികൾക്ക് പ്രത്യേകമായി ഒ.പി നടത്തിവരുന്നുണ്ട്.

പദ്ധതി നടത്തിപ്പുരേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

നിലവിൽ ആകെ 339 ഗുണഭോക്താക്കൾ പദ്ധതിയുടെ കീഴിലുണ്ട്. ഇവരിൽ 89 പേർ കിടപ്പുരോഗികളാണ്. ഇവർക്ക് പ്രത്യേകമായി നേഴ്സിംങ്ങ് കെയർ നൽകി വരുന്നുണ്ട്. കിടപ്പുരോഗികളായ 13 പേർക്ക് ആയുർവേദ ഹോം കെയർ നൽകി വരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട് കൂടാതെ ജനകീയ ഫണ്ട് സമാഹരിച്ച് പ്രയോജനപ്പെടുത്തി നല്ല രീതിയിൽ പാലിയേറ്റീവ് പദ്ധതിയുടെ പ്രവർത്തനം നടത്തിവരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്.

മറ്റ് പ്രവർത്തനങ്ങൾ

പാലിയേറ്റീവ് കുടുംബസംഗമം, 31 കുട്ടികൾക്ക് സംഭാവന മുഖേന പഠനോപകരണങ്ങൾ വിതരണവും 76 കുടുംബങ്ങൾക്ക് ഓണകിറ്റ് വിതരണം എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പാലിയേറ്റീവ് രോഗികൾക്ക് മാനസികോല്ലാസം ലഭിക്കുന്നതിന് ഉല്ലാസ യാത്ര നടത്തിയിട്ടുണ്ട്. മറ്റ് സാംസ്കാരിക കലാ പരിപാടികൾ, സായഹ്ന കൂട്ടായ്മ, എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. പാലിയേറ്റീവ് ദിനാചരണം 15/1/2017 നടത്തിവരുന്നുണ്ട്. സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം എല്ലാ വർഷവും കൊടുക്കുന്നുണ്ട്. സമൂഹത്തിലെ വിവിധ സംഘടനകളിൽ നിന്ന് സഹായം സ്വീകരിച്ച് രോഗികൾക്ക് വാട്ടർബെഡ്, വീൽ ചെയർ, ഊന്നുവടി എന്നിവ വിതരണം നടത്തിയിട്ടുണ്ട്. ജനകീയഫണ്ട് ശേഖരണത്തിലൂടെ പാലിയേറ്റീവ് യൂണിറ്റിന് സ്വന്തമായ വാഹനം 2013 ൽ ലഭിച്ചിട്ടുണ്ട്. 2014-15 പദ്ധതി തുക ഉപയോഗിച്ച് സ്വന്തമായ കെട്ടിടം ലഭ്യമായിട്ടുണ്ട്. രണ്ട് മാസത്തിലൊരിക്കൽ വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങൾ വേദികളാക്കി കാൻസർ രോഗി സംഗമം നടത്തി വരുന്നു.

2016-ൽ നാലാം വാർഷികത്തിന്റെ ഭാഗമായി രക്തദാന ക്യാമ്പ്, നേത്ര പരിശോധന ക്യാമ്പ്, പഠനകിറ്റ് വിതരണം, ക്യാൻസർ രോഗി സംഗമം എന്നി നാല് പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ക്യാൻസർ നിർണ്ണയ ക്യാമ്പ്, ക്യാൻസർ ബോധവത്കരണ പരിപാടികൾ, രക്തദാന ക്യാമ്പ് തുടങ്ങിയവയും യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു. ജീവിതശൈലി രോഗങ്ങൾ ഉള്ളവർക്കും പാലിയേറ്റീവ് രോഗികൾക്കും വേണ്ടി എല്ലാ ബുധൻ, വ്യാഴം ദിവസങ്ങളിൽ യോഗ പരിശീലനം നൽകിവരുന്നുണ്ട്. എല്ലാ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും സ്നേഹ ബക്കറ്റുകൾ സ്ഥാപിച്ച് വീട്ടാവശ്യ സാധനങ്ങൾ സമാഹരിച്ച് പാലിയേറ്റീവ് കുടുംബങ്ങൾക്ക് കൈമാറുന്ന പരിപാടി നടപ്പിലാക്കിവരുന്നു. 2016-17-ൽ 243 കുടുബങ്ങൾക്ക് സ്നേഹ ബക്കറ്റിലൂടെ വീട്ടാവശ്യ സാധനങ്ങൾ നൽകിയത് അഭിനന്ദനം അർഹിക്കുന്നു.

ഭരണപരമായ വിവരങ്ങൾ

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി(പി.എം.സി), പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ട്. ആയതിന്റെ മിനുട്ട്സ് സൂക്ഷിക്കുന്നുണ്ട്. എല്ലാ മാസവും അവലോകന യോഗം നടത്തി ആയതിന്റെ മിനുട്ട്സ് സൂക്ഷിക്കുന്നുണ്ട്.

ബ) വിവിധ തുറകളിൽ 17 ഇന ആരോഗ്യ പരിപാടികളുമായി മുന്നോട്ട്

2016-17_വർഷത്തിൽ ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ അവലോകനം

1. ഹരിതശ്രീ-2016-17 വർഷത്തിൽ "പ്ലാസ്റ്റിക്ക് മുക്ത പഞ്ചായത്ത്" എന്ന ലക്ഷ്യത്തിന് വേണ്ടി ആരംഭിച്ച പദ്ധതിയാണ്. പഞ്ചായത്ത് പരിതിയിലുള്ള എല്ലാ വ്യാപാരികളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. പ്ലാസ്റ്റിക്ക് കിറ്റിനു പകരം കുടുംബശ്രീ പ്രവർത്തകരുടെ കൂട്ടായ്മയോടെ തുണി സഞ്ചി നിർമ്മിച്ച് വിപണനം നടത്തി വരുന്നു.

2.അദ്വൈത- ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി കൊണ്ടു നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. കൃത്യമായ ഇടവേളകളിൽ ഇവർക്കുവേണ്ടി മെഡിക്കൽ ക്യാമ്പ് നടത്തി ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

3.മുക്തി-ലഹരിമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിനു വേണ്ടി എക്സൈസ്, പോലീസ്, ആരോഗ്യ- വിദ്യാഭ്യാസ വകുപ്പുകളുമായി സഹകരണത്തോടെ നടപ്പിലാക്കുന്നു.

4.സ്നേഹാലയം-ബുദ്ധിമാന്ദ്യമുള്ളവർക്കു വേണ്ടി ബഡ്സ് റിഹാബിലിറ്റേഷൻ കേന്ദ്രം നടപ്പിലാക്കിവരുന്നു.

5.സജീവനം-ജീവിതശൈലി രോഗങ്ങൾ ഉള്ളവർക്കും പാലിയേറ്റീവ് രോഗികൾക്കും യോഗ പരിശീലനം, ശാരീരിക -മാനസിക സൗഖ്യം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്നു

6.SKP-SUPPORT-500 പേർ അടങ്ങുന്ന രക്തദാന ഡയറക്ട്ടറി തയ്യാറാക്കി ആവശ്യക്കാർക്ക് രക്തദാനം നൽകി വരുന്നു.

7.മഴയെത്തും മുമ്പെ-മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളായ ജലശുചീകരണം കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പു പദ്ധതി പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ നടത്തി വരുന്നു.

8. ക്ലീൻ ശ്രീകൃഷ്ണപുരം-ശുചിത്വനാട് എന്ന ലക്ഷ്യത്തോടെ വാർഡുതല ശുചീകരണ പ്രവർത്തികൾ നടത്തി വരുന്നു.

9.കൺമണി-പെൺകുഞ്ഞുങ്ങൾക്കുള്ള കാരുണ്യ പദ്ധതി. ഇതിനു പുറമെ നയനം, ജൈവഗ്രാമം, സുഭദ്രം, ഷാർപ്പ്, ജലശുദ്ധി എന്നിങ്ങനെ ഒട്ടേറെ വികസനോന്മുഖ പദ്ധതികൾ ആവിഷ്കരിച്ച് തുടർ പ്രവർത്തനങ്ങളായി നടത്തി കൊണ്ടുവരുന്നു.

ലഭിച്ച അവാർഡുകൾ- ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിന് ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങളെ പരിഗണിച്ചുകൊണ്ട് നൽകുന്ന ആരോഗ്യകേരള പുരസ്കാരം 2015-16ൽ സംസ്ഥാനത്ത് മൂന്നാം സ്ഥാനവും 2014-15ൽ ജില്ലയിൽ ഒന്നാം സ്ഥാനവും ലഭിച്ചു. 2014-15 ൽ

ലഭിച്ച ആരോഗ്യകേരള പുരസ്കാരം ഫണ്ടായ അഞ്ചു ലക്ഷം രൂപ ഉപയോഗിച്ച് പി.എച്ച്.സി-യിലെ ഒ.പി വിഭാഗം നവീകരിച്ചു. 2015-16 ൽ ലഭിച്ച ഫണ്ടായ രണ്ട് ലക്ഷം രൂപ ഉപയോഗിച്ച് കുടുംബാരോഗ്യ കേന്ദ്രത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ ഉദ്ദേശിക്കുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി ശ്രീകൃഷ്ണപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.

ഈ പദ്ധതിയുടെ കീഴിൽ സന്നദ്ധ പ്രവർത്തകർ, ജനപ്രതിനിധികൾ, ആശാവർക്കർമാർ, ആരോഗ്യ പ്രവർത്തകർ, കമ്മ്യൂണിറ്റി നേഴ്സ്, വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, തദ്ദേശവാസികൾ എന്നിവരുടെ കൂട്ടായ്മയിൽ നല്ല രീതിയിൽ നടത്തിവരുന്നു. പ്രത്യേകമായി അലോപ്പതി /ആയുർവേദ/ ഹോമിയോ ഡോക്ട്ടർമാരുടെ സേവനവും പി.എച്ച്.സിയിലെ ഉദ്യോഗസ്ഥരുടെ ആത്മാർത്ഥയോടു കൂടിയുള്ള സേവനവും ഈ വിജയത്തിനു മുഖ്യ പങ്കു വഹിക്കുന്നു. ഈ കൂട്ടായ്മ തുടർ വർഷങ്ങളിലും ഇതിലും മെച്ചപ്പെട്ട വിജയത്തിനു വേണ്ടി പരിശ്രമിക്കുകയാണ്. ഈ മേഖലയിലുള്ള പഞ്ചായത്തിന്റെ പ്രവർത്തനം ശ്ലാഘനീയവും മറ്റ് പഞ്ചായത്തുകൾക്ക് മാതൃകയാക്കാവുന്നതുമാണ്.

*നവീകരിച്ച ഒ പി വിഭാഗം* *പ്രാഥമികാരോഗ്യ കേന്ദ്രം*





## 3-8 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ കടമ്പഴിപ്പുറം, ശ്രീകൃഷ്ണപുരം എന്നീ ഇലക്ട്രിക് സെക്ഷനുകളാണ് ഉള്ളത്. തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള ശ്രമങ്ങൾ നാളിതുവരെ ഫലപ്രാപ്തിയിലെത്തിയിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ വിഷയത്തിന്മേലുള്ള നിർദ്ദേശങ്ങളിന്മേൽ ഭാഗികമായി ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായ രീതിയിലുള്ള നേട്ടം കൈവരിച്ചിട്ടില്ല. ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് പഞ്ചായത്തിന്റെ പക്കൽ ഇല്ല. സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം നിജപ്പെടുത്താൻ വൈദ്യുതി ബോർഡിന് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയെങ്കിലും നാളിതുവരെ പരിശോധന നടന്നിട്ടില്ല. തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചാണ്. വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് (കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് പ്രൊവിഷണൽ ഇൻവോയ്സ് കാർഡ്) താഴെ പറയും പ്രകാരമുള്ള തെരുവുവിളക്കുകളാണ് ഗ്രാമപഞ്ചായത്തിലുള്ളത്.

| ക്രമ നം. | ഇനം | എണ്ണം | 18-04-17 മുതൽ നിരക്ക് | പ്രതിമാസ വൈദ്യുതി ചാർജ്ജ് |
|---|---|---|---|---|
| 1 | സാധാരണ ലാമ്പ് - | 212 | 167 | 35404 |
| 2 | സി.എഫ്.എൽ - | 45 | 32 | 1440 |
| 3 | സി.എഫ്.എൽ - | 15 | 64 | 960 |
| 4 | ട്യൂബ് - 2*40 flu.tube | 15 | 134 | 2010 |
| 5 | സോഡിയം വേപ്പർ ലാമ്പ് - | 12 | 447 | 5364 |

| | | | | |
|---|---|---|---|---|
| | 250w | | | |
| ആകെ | | 299 | | 45178 |

ഇത് കൂടാതെ 8 ഹൈമാസ്റ്റ് ലാമ്പുകളും പഞ്ചായത്ത് പരിധിയിലുണ്ട്. 3/2017 വരെ 40738 രൂപയായിരുന്ന പ്രതിമാസ വൈദ്യുതി ചാർജ്ജ് താരിഫ് വർദ്ധനവിനെതുടർന്ന് 18/4/2017 മുതൽ 45178 രൂപയായി വർദ്ധിച്ചിട്ടുണ്ട്.

ബി. തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്

തെരുവുവിളക്കുകളുടെ സംരക്ഷണത്തിനായി തൻവർഷം ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊ.നം. | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 1 | 125/17-തെരുവുവിളക്കുകളുടെ സംരക്ഷണം | 200000 | തനത് ഫണ്ട് |
| ആകെ | | 200000 | |

മേൽ പ്രൊജക്ട് പ്രകാരം തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപണികൾക്കായി ടെണ്ടർ ക്ഷണിച്ച് ശ്രീ.അബ്ദുൾ റഹിമാൻ എന്നയാൾക്ക് കരാർ നൽകുകയും ആയതനുസരിച്ച് കരാറുകാരൻ വിവിധ വാർഡുകളിലായി 22 വാട്ടിന്റെ സി.എഫ്.എൽ ലൈറ്റുകൾ 1005 എണ്ണം (@രൂപ 494പ്രകാരം) മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

സി. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്

ഊർജ്ജ ഉപഭോഗം വളരെ കൂടുതലുള്ള 12 സോഡിയം വേപ്പർ ലാമ്പുകളും, 8 ഹൈമാസ്റ്റ് ലാമ്പുകളും ഗ്രാമപഞ്ചായത്തിലുണ്ട്. ഇവയുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് 5364 രൂപയും. 8 ഹൈമാസ്റ്റ് ലാമ്പുകളുടെ ശരാശരി വൈദ്യുതി ചാർജ്ജ് 2500രൂപയിൽ അധികവുമാണ്.

ഡി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും

കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

2. നിലിവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കിവരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. ഊർജ്ജ ഉപഭോഗം കൂടുതലുള്ള 12 സോഡിയം വേപ്പർ ലാമ്പുകളും ഘട്ടം ഘട്ടമായി മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

5. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്

## 3-9 അങ്കണവാടികളുടെ പ്രവർത്തനം മാതൃകാപരം

1992 ജനുവരിയിലാണ് ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് രൂപീകൃതമായത്. 14 വാർഡുകളിലായി 20 അങ്കണവാടികളാണുള്ളത്.

1.അങ്കണവാടികൾക്ക് സുരക്ഷിത കെട്ടിടം- ഗ്രാമപഞ്ചായത്തിലെ 20 അങ്കണവാടികളിലെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും കുട്ടികളുടെ മികവും പഠനവും മെച്ചപ്പെടുത്തുന്നതിനും വേണ്ടി സുരക്ഷിതമായ കെട്ടിടം ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. എല്ലാ അങ്കണവാടികളും വൈദ്യുതികരിക്കുകയും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2. അങ്കണവാടികളിൽ ചുമർചിത്രം-കുട്ടികളുടെ ഭീതി അകറ്റുന്നതിനും അങ്കണവാടികൾ

കൂടുതൽ ശിശുസൗഹൃദമാക്കുന്നതിനും വേണ്ടി എല്ലാ അങ്കണവാടികളിലും ചുമർ ചിത്രങ്ങളും പെയിന്റിങ്ങുകളും സജ്ജമാക്കിയിട്ടുണ്ട്.

3.അങ്കണവാടികൾക്ക് വാട്ടർപ്യൂരിഫയർ- ഗ്രാമപഞ്ചായത്തിന്റെ കീഴിലെ അങ്കണവാടികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് വാട്ടർപ്യൂരിഫയർ നൽകിയിട്ടുണ്ട്. കൊച്ചു കുട്ടികൾക്കാവശ്യമായ പുസ്തകങ്ങൾ, കളിക്കോപ്പുകൾ എന്നിവ എല്ലാ അങ്കണവാടികൾക്കും നൽകിയിട്ടുണ്ട്

4.സുനിദ്ര-അങ്കണവാടികളുടെ പ്രവർത്തനം സുഗമമാക്കുക എന്ന ഉദ്ദേശ്യത്തോടെ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സഹായത്തോടെ നടപ്പിലാക്കിയ ഒരു പദ്ധതിയാണ് "സുനിദ്ര"- അങ്കണവാടികളിൽ കിടക്ക വാങ്ങി നൽകിയിട്ടുണ്ട്.

5.ജാഗ്രതാ സമിതി- ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡിലും ജാഗ്രതാ സമിതി രൂപീകരിച്ചിട്ടുണ്ട്. 3 മാസത്തിലൊരിക്കൽ കൃത്യമായി യോഗം ചേരുന്നുണ്ട്.

6.കൺമണി-2017മാർച്ച്8 ന് അന്തർദ്ദേശിയ വനിതാ ദിനത്തിൽ ആരംഭിച്ച പരിപാടിയാണിത്. പഞ്ചായത്തിൽ ജനിക്കുന്ന ഓരോ പെൺകുട്ടിയുടെയും വീട്ടിൽ ജനകീയ ഫണ്ട് ശേഖരണത്തിലൂടെ ഒരു ഉപഹാരമെത്തിക്കുന്നു.

7.കുട്ടികളുടെ ഗ്രാമസഭ, ഭിന്നശേഷി ഉള്ളവർക്കുള്ള പ്രത്യേക ഗ്രാമസഭ എന്നിവയ്ക്ക് പുറമെ "ഇളം തെന്നൽ "എന്ന പരിപാടിയിലൂടെ പാലിയേറ്റീവ് പ്രവർത്തകർക്കൊപ്പം സ്കൂൾ കുട്ടികളെ കൂടി പങ്കെടുപ്പിച്ചു കൊണ്ട് ആതുരസേവന പ്രവർത്തനം നടത്തുന്നു.

8. പഞ്ചായത്ത് തല ശിശുസംരക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. മാത്രമല്ല ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിനെ ബാലസൗഹൃദ ഗ്രാമ പഞ്ചായത്തായി ഉയർത്തികൊണ്ടുവരുന്നതിനുള്ള ശ്രമം നടത്തിവരുന്നു. ഇതു കൂടാതെ ബാലസൗഹൃദമാക്കുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ നിന്നും 150 മി ചുറ്റളവിൽ പുകയിലയും പുകയില ഉൽപ്പന്നങ്ങളും വിൽപന നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. അങ്കണവാടി ജീവനക്കാരുടെ സഹായത്തോടെ ഭിന്നശേഷി ഡയറക്ടറി തയ്യാറാക്കിയിട്ടുണ്ട്. അങ്കണവാടി

ജീവനക്കാരുടെ കൂട്ടായ്മയിൽ സർവെ നടത്തി 100% കുട്ടികൾക്കും പ്രതിരോധകുത്തിവെയ്പ്പ് നടത്തിയിട്ടുണ്ട്. പുഞ്ചിരി കോർണർ, ചിറകുള്ള ചങ്ങാതിമാർ എന്നീ പരിപാടികളും നടത്തി വരുന്നു. ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിന്റെ ഈ മേഖലയിലുള്ള പ്രവർത്തനങ്ങൾ മാതൃകാപരമാണ്.

## 3-10 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

താഴെപ്പറയുന്ന പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം , പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | ഡെപ്പോസിറ്റ് നടത്തപ്പെട്ട ഏജൻസി | ബിൽ നം., തീയ്യതി |
|---|---|---|---|
| SO 169/17 വിവിധ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 703750(പദ്ധതി ഫണ്ട്) | Kerala Water Authority | 33/2016-17/ 18-2-2017 |
| SO 161/17 വിവിധ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 262538(പദ്ധതി ഫണ്ട്)+<br>2339750(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | Kerala Water Authority | 32/2016-17/ 18-2-2017- 262538രൂ.<br>35/2016-17/ 18-2-2017- 2339750രൂ. |
| SO 186/17 – 14വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 800996(പദ്ധതി ഫണ്ട്)+<br>673423 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | Kerala Water Authority | 31/2016-17/ 18-2-2017- 800996രൂ.<br>34/2016-17/ 18-2-2017- 673423രൂ. |
| SO 186/2016-17 – സമ്പൂർണ്ണ വൈദ്യുതീകരണം | 125000 പദ്ധതി ഫണ്ട് (ജനറൽ) | KSEB | 36/2016-17 18-2-2017- 125000രൂ. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/25-7-2017 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി-അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതിനോടൊപ്പം ഈടു നിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കൽ, ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നിവയാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം.

2016-17 വർഷത്തിലെ പദ്ധതി നടത്തിപ്പ രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | വിശദാംശം | 2016-17 വർഷം |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3100 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3100 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 857 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 675.32 ലക്ഷം |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 163 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 139 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | ഇല്ല |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 13807731 |
| 9 | തൻവർഷത്തെ ചെലവ് | 13723918 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1113 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 992 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 71 |
| 13 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്? തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ | ഇല്ല |

| | | |
|---|---|---|
| | തുക | |
| 14 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളിൽ ചെലവഴിച്ച തുക | ഇല്ല |
| 15 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ടോ? | ഇല്ല |
| 16 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട് |
| 17 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം | ഇല്ല |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2016-17 | |
|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം | ചെലവഴിച്ച തുക |
| 1 | മണ്ണ്-ജല സംരക്ഷണം | 1 | 164885 |
| 2 | വരൾച്ച തടയൽ, വനവത്കരണം | 1 | 5880 |
| 3 | ചെറുകിട ജലസേചനം | 3 | 2048200 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 58 | 1163285 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 56 | 8411585 |
| 6 | ഭൂവികസനം | 21 | 1347116 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | - | - |
| 8 | വില്ലേജ് റോഡ് | 2 | 169540 |
| | മറ്റു ചെലവുകൾ | | 413427 |
| | ആകെ | | 13723918 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം. | ലഭിച്ച തുക | പദ്ധതി നം., പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 92/16-17ക്ഷീര കർഷകർക്ക് സബ്സിഡി | 200000 | -ഇല്ല |
| ജില്ലാ പഞ്ചായത്ത് | 150000 | 48/16017സമഗ്ര നെൽകൃഷി വികസനം - | 150000 | -ഇല്ല |
| | 3,50,000 | | 3,50,000 | |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./ ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 188/16-17<br>14 വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 31&34/<br>2016-17 | 14,74,417 | 14,74,417 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല |
| | 161/16-17 വിവിധ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 32&35/<br>2016-17 | 26,02,288 | 26,02,288 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല |
| | 169/16-17 | 33/ | 7,03,750 | 7,03,750 | വിനിയോഗ സാക്ഷ്യ |

| | | | | | |
|---|---|---|---|---|---|
| | വിവിധ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 2016-17 | | | പത്രം ലഭിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി | 186/16-17 സമ്പൂർണ്ണ വൈദ്യുതീകരണം | 36/ 2016-17 | 1,25,000 | 1,25,000 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്-

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീതി നം., തീയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 2013-14 & 2014-15 | 2.4 | 3020 | മാനേജർ,സുരേന്ദ്ര ഇൻഡേൻ | 11605101086/10.08.16 | |
| | | 1000 | മാനേജർ,സുരേന്ദ്ര ഇൻഡേൻ | 11605101087/10.08.16 | |
| | | 1080 | കെ.കെ.വുഡ് ഇൻഡസ്ട്രീസ് | 11605101102/11.08.16 | |
| | | 1080 | കെ.കെ.വുഡ് ഇൻഡസ്ട്രീസ് | 11605101103/11.08.16 | |
| | | 1200 | കല്യാൺ ജ്വല്ലേഴ്സ് | 11605101124/16.08.16 | |

| | | | | |
|---|---|---|---|---|
| | 720 | ആർ.വി.ഹോം നീഡ്സ് | 11605101130/16.08.16 | |
| | 720 | പുഷ്പ ടിംബേഴ്സ് | 11605101135/16.08.16 | |
| | 720 | പുഷ്പ ടിംബേഴ്സ് | 11605101136/16.08.16 | |
| | 600 | ക്ലാസിക് റബ്ബേഴ്സ് | 11605101150/18.08.16 | |
| | 600 | ക്ലാസിക് റബ്ബേഴ്സ് | 11605101151/18.08.16 | |
| | 600 | ക്ലാസിക് റബ്ബേഴ്സ് | 11605101152/18.08.16 | |
| | 600 | ക്ലാസിക് റബ്ബേഴ്സ് | 11605101153/18.08.16 | |
| | 1500 | പുനർജ്ജനി ഹോസ്പിറ്റൽസ് | 11605101561/24.09.16 | |
| | 3420 | പ്രസിഡന്റ്,ശ്രീകൃഷ്ണപുരം | 11605101614/28.09.16 | |
| | 2040 | പ്രസിഡന്റ്, മണ്ണംപറ്റ ക്ഷീരോൽപാദന സഹകരണ സംഘം | 11605101644/30.09.16 | |
| | 1080 | ഹംസ, പുളിക്കാടൻ സോ മിൽ | 11605101709/04.10.16 | |
| | 1080 | ഹംസ, പുളിക്കാടൻ സോ മിൽ | | |
| | 1080 | ഹംസ, പുളിക്കാടൻ സോ മിൽ | | |
| | 180 | ശശികുമാർ, ഗീതാഞ്ജലി | 11605101730/05.10.16 | |
| | 2700 | മാനേജർ,സുരേന്ദ്ര ഇൻഡേൻ | 11605101447/14.03.17 | |
| | 1250 | മാനേജിംങ് ഡയറക്ടർ KSBC | 11605100046/07.04.16 | |
| | 26270 | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | | 2014-15 | 5.7.6 | മൃഗ സംരക്ഷണ / ക്ഷീര വികസന മേഖലയിലെ കർമ്മ സമിതികളുടെ പ്രവർത്തനം-മിനുട്സ് സൂക്ഷിപ്പ് കാര്യക്ഷമമല്ല. | |
| ടി | | ടി | 5.7.10 | സംസ്ഥാനത്ത് പടർന്ന പിടിച്ച കുളമ്പുരോഗം കാരണം പാൽ ഉൽപാദനം കുറയുകയും പഞ്ചായത്തിൽ 93 കന്നുകാലികൾക്ക് രോഗം പിടിപെടുകയും 11 എണ്ണം ചാവുകയും ചെയ്തു. | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54143383 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55023137 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 736000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| | | |
| 3-2 | 36000 | കെ .ബാലകൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>കോട്ടപ്പടി ഹൗസ്, കടമ്പഴിപുറം (പി.ഒ), പാലക്കാട് |
| 3-3 | 700000 | കെ .ബാലകൃഷ്ണൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>കോട്ടപ്പടി ഹൗസ്, കടമ്പഴിപുറം,പാലക്കാട് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ .ബാലകൃഷ്ണൻ<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീകൃഷ്ണപുരം | കെ .ബാലകൃഷ്ണൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>കോട്ടപ്പടി ഹൗസ്, കടമ്പഴിപുറം (പി.ഒ)<br>പാലക്കാട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | LF.P6/25/2000/16.10.2000 | പുനരഭിപ്രായം |
| 1999-00 | LF.P8/1662/08/17.4.2009 | പുനരഭിപ്രായം |
| 2000-01 | LF.P6/1137/2003/13.2.2004/10.3.2004 | പുനരഭിപ്രായം |
| 2001-02 | LF.P8/1574/2008/6.3.2009 | കത്ത് |
| 2002-03 | LF.P6/942(1)/2004/7.12.2009 | പുനരഭിപ്രായം |
| 2003-04 | LF.P8/1663/08/3.4.2009 | പുനരഭിപ്രായം |
| 2004-05 | LF.P8/786/14/3.7.2014 | പുനരഭിപ്രായം |
| 2005-06 | LF.P8/778/14/11.8.2014 | പുനരഭിപ്രായം |
| 2006-07 | LF.P8/356/12/29.3.2012 | ശുദ്ധിപത്രം |
| 2007-08 | LF.P12/748/14/3.6.14 | പുനരഭിപ്രായം |
| 2008-09 | LF.P12/736/14/9.5.2014 | പുനരഭിപ്രായം |
| 2009-10<br>2010-11 | LF.P12/1212/14/10.7.2014 | പുനരഭിപ്രായം |
| 2011-12 | | |
| 2012-13 | L.F.P12/1932/14/8.12.2014 | പുനരഭിപ്രായം |
| 2013-14 &<br>2014-15 | KSA PKD-12/951/2016 dt.29.06-2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA.PKD 12/2323/16 dt. 29.12.2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ-പികെഡി.12-1540/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി -06-10-2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അപാകതകളുടെ സംക്ഷിപ്തം</u>

1. ആസ്തിമൂല്യം കാലികമാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ള മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ വരവു ചെലവു കണക്കുകളും NREGS ക്യാഷ്ബുക്ക് പ്രകാരമുള്ള വരവുചെലവു കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-12-1540/2017

Kerala State Audit Department

District Audit Office, Palakkad

Date-06-10 -2017

<u>Audit Certificate</u>

Certified that I have audited the Annual Financial Statement of Sreekrishnapuram Grama

panchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Sreekrishnapuram Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1. Asset value not ascertained and included in balance sheet.

2. The figures appearing under NREGS head in Income and Expenditure statement of AFS are not in agreement with that of the figures in NREGS cash book.

Deputy Director